പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2536 **28-10-2026-ൽ മറുപടിയ്ക്ക്**

പഞ്ചമി പദ്ധതിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

(എ) പട്ടികജാതി ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പഞ്ചമി പദ്ധതിയിലേക്ക് ഉന്നതികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് മൂന്ന് കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് പഞ്ചമി ഗ്രാമം പദ്ധതി. ഒരു സാമ്പത്തികവർഷം ഒരു നിയോജക മണ്ഡലത്തിൽ പരമാവധി രണ്ട് ഉന്നതികളെ വരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(ബി) ഒരു വർഷം എത്ര ഉന്നതികളെ വരെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുമെന്നും പരമാവധി എത്ര തുക വരെ ഓരോ ഉന്നതിയിലേക്കും ചെലവഴിക്കുമെന്നും എന്തെല്ലാം വികസന ക്ഷേമ പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

മറുപടി: ഒരു സാമ്പത്തികവർഷം ഒരു നിയോജക മണ്ഡലത്തിൽ പരമാവധി രണ്ട് ഉന്നതികളെ ഉൾപ്പെടുത്തി ഓരോ ഉന്നതികൾക്കും പരമാവധി 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പഞ്ചമി ഗ്രാമം പദ്ധതി പ്രകാരം അനുവദിക്കുന്നത്.

വികസന പ്രവർത്തനങ്ങൾ

- സുരക്ഷിതമായ കുടിവെള്ളം
- വൈദ്യുതി
- മാലിന്യ നിർമ്മാർജ്ജനം
- റോഡ് കണക്റ്റിവിറ്റി
- ശുചിത്വ സൗകര്യങ്ങൾ
- ഇന്റർനെറ്റ് കണക്റ്റിവിറ്റി
- ഭവന നവീകരണം
- വീടുകളുടെ/നഗറുകളുടെ സംരക്ഷണ ഭിത്തി (അപകടാവസ്ഥയിലുള്ള സ്ഥിതിയിൽ മാത്രം)
- നഗറുകളിലെ പരമ്പരാഗത ആരാധനാ ഇടങ്ങളുടെ പുനരുദ്ധാരണം

(സി) കൂട്ടനാട് നിയമസഭാ മണ്ഡലത്തിലുള്ള ഏതൊക്കെ ഉന്നതികളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നതെന്നും തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

മറുപടി: നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഉന്നതികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ